**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പത്തനംതിട്ട നഗരസഭ - 09.09.2013-ലെ വിജിലൻസ് മിന്നൽ പരിശോധന - റവന്യൂ ഇൻസ്പെക്ടറായിരുന്ന ശ്രീ. പി. ശ്രീകുമാരൻ നായർക്കെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 1802/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 30.05.2016.

==========================================================================

**പരാമർശം :** 1) വിജിലൻസ് ഡയറക്ടറുടെ 16.04.2014-ലെ ഇ3(എസ്.സി.36/2013/പി.ടി.എ) 31857/2013 നമ്പർ കത്ത്.
2) 31.12.2014 തീയതിയിലെ 58546/ഇയു2/14/തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ.
3) നഗരകാര്യ ഡയറക്ടറുടെ 24.04.2015 തീയതിയിലെ വി1-1245/14/നകവ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഓപ്പറേഷൻ സർവ്വീസ് റൈറ്റ് എന്ന പേരിൽ സംസ്ഥാന വ്യാപകമായി നടത്തിയ മിന്നൽ പരശോധനകളുടെ ഭാഗമായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പത്തനംതിട്ട നഗരസഭയിൽ 09.09.2013 തീയതിയിൽ നടത്തിയ വിജിലൻസ് മിന്നൽ പരിശോധനയിൽ റവന്യു സെക്ഷനിൽ ആപ്ലിക്കേഷൻ/പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിച്ചിരുന്നില്ല എന്ന് കണ്ടെത്തിയത് റവന്യു ഇൻസ്പെക്ടറായ ശ്രീ.പി. ശ്രീകുമാരൻ നായരുടെ ഭാഗത്തുനിന്നുള്ള ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ചയായി കണ്ട് ടിയാന് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. പരാമർശം (3) ലെ നഗരകാര്യ ഡയറക്ടറുടെ കത്തു പ്രകാരം ശ്രീ.പി. ശ്രീകുമാരൻ നായർ, റവന്യു ഇൻസ്പെക്ടർ 31.05.2014-ൽ റിട്ടയർ ചെയ്തെന്ന് അറിയിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം പരിശോധിക്കുകയും പത്തനംതിട്ട നഗരസഭയിലെ റവന്യു ഇൻസ്പെക്ടറായ ശ്രീ. പി. ശ്രീകുമാരൻ നായർക്കെതിരെ കണ്ടെത്തിയ ക്രമക്കേടുകൾ ഗുരുതരമല്ലാത്തതിനാലും 31.05.2014 ൽ ടിയാൻ സർവ്വീസിൽ നിന്നും വിരമിച്ചതിനാലും ശ്രീ.പി.

ശ്രീകുമാരൻ നായർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,**
**രത്നമ്മ. വി,**
**ജോയിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ശ്രീ. പി. ശ്രീകുമാരൻ നായർ, റിട്ട. റവന്യു ഇൻസ്പെക്ടർ,
പത്തനംതിട്ട നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**